നിന്നും 6 പേരെ വർക്ക് ലോഡിന്റെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ളവരെ ജോലിയുടെ ലഭ്യത അനുസരിച്ചും, സ്ഥിരം തൊഴിലാളികളുടെ ഒഴിവ് വരുന്ന മുറയ്ക്കും സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിൽ മൃഗ സമ്പത്തിലുണ്ടായ വർദ്ധനവ്

130 (196) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ മൃഗ സമ്പത്തിൽ എത്ര വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ മൊത്തം കാലിസമ്പത്തിൽ താഴെ പറയും പ്രകാരമുള്ള വർദ്ധനവുണ്ടായിട്ടുണ്ട്.

പശുക്കൾ	.. 3359
കന്നുകുട്ടികൾ	.. 2842
ആട്	.. 200
കോഴി	.. 26,000
ടർക്കി	.. 1000

പരശുവയ്ക്കൽ ആടു വളർത്തൽ കേന്ദ്രത്തിൽ മൃഗാശുപത്രി

131 (197) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല പരശുവയ്ക്കൽ ആടുവളർത്തൽ കേന്ദ്രം കേന്ദ്രീകരിച്ച് ഒരു മിനി മൃഗാശുപത്രി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) നിലവിൽ ആടുവളർത്തൽ കേന്ദ്രത്തിൽ ഡോക്ടർമാരും മറ്റ് ജീവനക്കാരും ഉള്ളതിനാൽ കൂടുതൽ സാമ്പത്തിക ബാദ്ധ്യത മൃഗാശുപത്രി തുടങ്ങുന്നതിന് ഉണ്ടാകാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിന് സജീവ പരിഗണന നൽകി ക്ഷീരകർഷകരെ സഹായിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇതു സംബന്ധിച്ച ശുപാർശകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly